ഗെയിംസ് സെക്രട്ടേറിയറ്റിൽ ഡയറക്ടർ ജനറൽ എന്ന രീതിയിലും ജോലി ചെയ്തുവരുന്നു. ഐ.എഫ്.എസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. റ്റി. എം. മനോഹരൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ചെയർമാൻ എന്ന നിലയിൽ ജോലി ചെയ്തുവരുന്നു. ഇപ്രകാരമുള്ള ഉത്തരവുകൾ വിവിധ വകപ്പുകളാണ് ഇറക്കുന്നത് എന്നതിനാൽ അവരിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ വിവരം അടങ്ങുന്ന പട്ടിക അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. വിവിധ അന്വേഷണങ്ങൾക്ക് വിധേയമായി വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്ത വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവരുടെ പട്ടിക അനുബന്ധം - 2 ൽ ചേർത്തിട്ടുണ്ട്*.

(ഇ) ഇവരിൽ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനും ഇപ്പോൾ സസ്പെൻഷനിലാണ്.

(എഫ്) ഐ.എ.എസ്. ഓഫീസർമാരിൽനിന്നോ, പൊതുജനങ്ങളിൽ നിന്നോ ചീഫ് സെക്രട്ടറിക്കെതിരായി ഒരു പരാതിയും സർക്കാരിൽ ലഭിച്ചിട്ടില്ല.

അടൂരിൽ സബ് കോടതി

50 (50) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ്കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച പരിഗണനാ ഉത്തരവ് പ്രകാരമുള്ള നടപടിയിന്മേലുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിലുള്ള പട്ടികകളിൽ ഏതെല്ലാം സബ്കോടതികൾ നാളിതുവരെ അനുവദിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) അടൂർ സബ്കോടതി സ്ഥാപിക്കുന്നതിന്എന്ന് അനുമതി ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ-സി) 20-9-2011 തീയതികളിലെ സ.ഉ.(സാധാ) നമ്പർ 281/2011/ ആഭ്യന്തരം പ്രകാരം (ക്രമനമ്പർ 11) അടൂരിൽ സബ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിഗണനാ ക്രമമനുസരിച്ചേ കോടതി ആരംഭിക്കുന്നതിനുള്ള അനുവാദം സാധ്യമാകൂ. ഇപ്പോൾ നിലവിലുള്ള പരിഗണനാ പട്ടികയിൽ നിന്നും 3 കോടതികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സബ്കോടതി, ചാവക്കാട്
2. സബ് കോടതി, കരുനാഗപ്പള്ളി
3. സബ്കോടതി, കണ്ണൂർ.

കോടതിയിൽനിന്നും കേസുകൾ പിൻവലിക്കൽ

51 (51) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിൻവലിക്കാൻ കോടതികളോട് ആവശ്യപ്പെടാൻ തീരുമാനിച്ച കേസുകൾ എത്ര ;

(ബി) കേസുകൾ പിൻവലിച്ചുകിട്ടുന്നതിനായി സർക്കാരിൽ ലഭിച്ച ഹർജികളിൽ ഇപ്പോഴും തീരുമാനമെടുക്കാൻ അവശേഷിക്കുന്നവ എത്ര ;

(സി) ആർ.എസ്.എസ്., ബി.ജെ.പി., എ.ബി.വി.പി. പ്രവർത്തകർ പ്രതിയായിട്ടുള്ള എത്ര കേസുകൾ പിൻവലിക്കാൻ ഗവൺമെന്റ് കോടതികളോട് ആവശ്യപ്പെട്ടിട്ടുണ്ട് ; ഇവയിൽ കൊലപാതകശ്രമം കുറ്റമായിട്ടുള്ളവ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) 4718 എണ്ണം.

(ബി) 888 എണ്ണം.

(സി) വിവരം ശേഖരിച്ചുവരുന്നു.

മൊബൈൽ ഫോൺ ടവറുകൾ

52 (52) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ ടവറുകളുടെ റേഡിയേഷൻ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സ്വദേശി സയൻസ് മൂവ്മെന്റ് എന്ന സ്ഥാപനം അതിന്റെ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ബി) മൊബൈൽ ഫോൺ ടവറുകൾ ഉയർത്തുന്ന ഗുരുതരമായ ആരോഗ്യപ്രശ്നം സ്ഥിരമായി തടയുന്നതിന് എന്തെല്ലാം ബദൽ നിർദ്ദേശങ്ങളാണ് സർക്കാരിന് ലഭിച്ചിരിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മൊബൈൽ ഫോൺ ടവറുകളുടെ റേഡിയേഷൻ സംബന്ധിച്ചുള്ള പഠന പൂർത്തീകരണ റിപ്പോർട്ട് സ്വദേശി സയൻസ് മൂവ്മെന്റ് എന്ന സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly